(*b*) how far has the investigation of the scheme progressed, so far?

Chief Minister (**Sri. T. K. Narayana Pillai**):

(*a*) Yes.

(*b*) Investigation has been completed.

തിരുവാർപ്പിൽ ഒരു കിണറ്

൩. (൭) ശ്രീമതി ദേവകി ഗോപിദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) വേനൽക്കാലത്തെ ശുദ്ധജല ദൗർലഭ്യത്തെ നേരിടുന്നതിനായി തിരുവാപ്പിൽ ഒരു കിണറു കുഴിപ്പിച്ചുകൊടുക്കണമെന്നു കാണിച്ചു് ആ ദേശവാസികളുടെ അപേക്ഷകരും കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി കൈക്കൊണ്ടു?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എം. ജെ. ജോൺ):

(എ) ഉണ്ടു്.

(ബി) തിരുവാപ്പു പകുതിയിൽ ഒരു കിണർ കുഴിക്കുന്ന കാര്യം ഗവൺമെണ്ടിന്റെ അന്വേഷണത്തിൽ ഇരിക്കുന്നു.

LEAVE OF ABSENCE FROM THE HOUSE GRANTED TO SRI. E. GOPALAKRISHNA MENON

മിസ്റ്റർ സ്പീക്കർ: കൊട്ടങ്ങല്ലൂർ നിയോജകമണ്ഡലത്തിൽനിന്നും ഈ സഭയിലെ ഒരംഗമായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ ഇൻഡ്യൻ ഭരണഘടന നടപ്പിലായ ൧൯൫൦ ജനുവരി ൨൬-ാം തീയതിക്കു ശേഷം നടന്ന ഒന്നും രണ്ടും സെഷനിൽ ഹാജരായില്ല. ഭരണഘടന ൧൯൫൦-ാം വകുപ്പു ൮൫-ാം ഉപവകുപ്പനുസരിച്ചു് നിയമസഭയിലെ ഏതെങ്കിലും ഒരംഗം തുടർച്ചയായി ൬൦ ദിവസത്തിനുമേൽ അനുവാദംകൂടാതെ ഹാജരാകാതിരുന്നാൽ സഭയ്ക്കു് ആ അംഗത്തിന്റെ സാമാജികത്വം നഷ്ടപ്പെട്ടതായി പ്രഖ്യാപിക്കാവുന്നതാണു്. മേൽപറഞ്ഞ ചട്ടമനുസരിച്ചു് ൧൯൫൦ നവംബർ ൨൬-ാം തീയതിവരെ കണക്കാക്കിയാൽ അതേവരെ ശ്രീ. ഗോപാലകൃഷ്ണമേനോൻ തുടർച്ചയായി ൬൦ ദിവസം ഹാജരാകാതിരുന്നിട്ടുണ്ടു്.

ഇങ്ങനെയിരിക്കെ under-trial prisoner ആയിരുന്ന ശ്രീ. ഗോപാലകൃഷ്ണമേനോനിൽനിന്നും ഇരിങ്ങാലക്കുട സബ് മജിസ്ട്രേട്ടു് മുഖാന്തിരം ഒരു ലറ്റർ നവംബർ ൭-ാം തീയതി കിട്ടി. അതിൽ നിയമസഭയിൽ ഹാജരാകാതിരുന്നതു് നിയന്ത്രണാതീതമായ കാരണങ്ങളാലാണെന്നും അതിനാൽ തന്റെ സാമാജികത്വം നഷ്ടപ്പെട്ടതായി പ്രഖ്യാപനം ഉണ്ടാകരുതെന്നും, ഇത്തരം സന്ദർഭങ്ങളിൽ അസംബ്ലിയിൽ ഹാജരാകാതിരുന്ന കാരണത്താൽ ബാംബയിലും മദിരാശിയിലും നിയമസഭകളിൽ മെംബറന്മാരുടെ അംഗത്വം നഷ്ടപ്പെടുത്തുകയോ സ്ഥാനം ഒഴിവു വന്നതായി പ്രഖ്യാപിക്കുകയോ ഉണ്ടായിട്ടില്ലെന്നും പ്രസ്താവിച്ചിരുന്നു. ഇതുപോലെയുള്ള സാഹചര്യത്തിൽ മദിരാശിയിൽ നടപടി ഒന്നും നടത്തിയിട്ടില്ലെന്നും ബാംബയിൽ മെംബർ തടങ്കലിൽ ഇരിക്കുന്നിടത്തോളംകാലം നിയമസഭയിൽ ഹാജരാകാതിരിക്കുന്നതിനു് അനുവാദം കൊടുത്തിട്ടുണ്ടെന്നും അന്വേഷണത്തിൽ അറിവായിട്ടുണ്ടു്.

ഈ സഭയുടെ മൂന്നാമത്തെ സെഷനുള്ള നോട്ടീസു് ശ്രീ. ഗോപാലകൃഷ്ണമേനോനു് അയച്ചുകൊടുത്തതു് കൈപ്പറ്റി അതിനു മറുപടിയായി ൧൯൫൧ ജനുവരി ൩൧-ാം തീയതി വിയ്യൂർ സെൻട്രൽ ജയിൽ മുഖാന്തിരം അയച്ചിട്ടുള്ള ഒരപേക്ഷ ഫെബ്രുവരി ൧൦-ാം തീയതി ഇവിടെ കിട്ടിയിട്ടുണ്ടു്. അതിൽ ഇങ്ങനെ പറയുന്നു:

LIBRARY ARCHIVES Kerala Legislative Assembly